**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1479** **15.06.2012 ൽ മറുപടിയ്ക്ക്**

## ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ഡോ: എം. കെ. മുനീർ (ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | എ) പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ പുറപ്പെടുവിക്കുകയും കമ്പ്യൂട്ടർവൽക്കൃത അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അക്കൗണ്ടിംഗ് കാര്യക്ഷമമാക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും അക്കൗണ്ടന്റ്മാരെ നിയമിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ വഴിയുള്ള സേവനങ്ങളെ കുറിച്ച്പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വകുപ്പ്തലത്തിലും പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകർക്ക് യഥാസമയം സേവനം ലഭിക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഫ്രണ്ടോഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇ-ഗവേണൻസിനാവശ്യമായ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ വിന്യസിപ്പിച്ച് ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം |

മെച്ചപ്പെടുത്തി വരുന്നു. ഗ്രാമ പഞ്ചാ-യത്തുകളിൽ ഭരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ജനപ്രതി നിധികൾക്കും ജീവനക്കാർക്കും കില മുഖേന പരിശീലനം നൽകി വരുന്നു.

ബി) ഗ്രാമ പഞ്ചായത്തുകളിൽ എത്ര ഡ്രൈവർമാർ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

ബി)

| | | |
|---|---|---|
| തിരുവനന്തപുരം | - | 39 |
| കൊല്ലം | - | 56 |
| പത്തനംതിട്ട | - | 39 |
| ആലപ്പുഴ | - | 13 |
| കോട്ടയം | - | 45 |
| ഇടുക്കി | - | 59 |
| എറണാകുളം | - | 45 |
| തൃശ്ശൂർ | - | 63 |
| പാലക്കാട് | - | 48 |
| മലപ്പുറം | - | 78 |
| വയനാട് | - | 16 |
| കോഴിക്കോട് | - | 68 |
| കണ്ണൂർ | - | 65 |
| കാസർഗോഡ് | - | 38 |
| ആകെ | | 672 |

സി) പഞ്ചായത്ത് ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരി ക്കുന്ന നടപടികൾ സ്വീകരി-ക്കുമോ:

സി) ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ, സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ട പദ്ധതി-പദ്ധതിയേതര കണക്കുകൾ, വിവിധ റിപ്പോർട്ടുകൾ, ജീവനക്കാർക്ക് നൽകേണ്ട സേവന ങ്ങൾ തുടങ്ങിയവ കമ്പ്യൂട്ടർവൽക്കരി ക്കുന്നതിനുതകുന്ന പതിനാറോളം ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ ഇതിനോടകം തന്നെ വികസിപ്പിച്ച് ഗ്രാമ പഞ്ചായത്തുകളിൽ വിന്യസി-ച്ചിട്ടുണ്ട്. കൂടാതെ ഗ്രാമ പഞ്ചായ-ത്തുകളെ സമ്പൂർണ്ണമായി കമ്പ്യൂട്ടർ വൽകൃതമാക്കുന്നതിനുള്ള സോഫ്റ്റ്-വെയറുകളുടെ വിന്യാസവും ഉപയോ ഗവും ഗ്രാമ പഞ്ചായത്തുകളിൽ ലഭ്യമാക്കി സമയബന്ധിതമായി

ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള എല്ലാ സാങ്കേതിക സഹായങ്ങളും ലഭ്യ-മാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഡി) ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ കെട്ടിട നികുതി സ്വീകരിക്കുന്ന-തിന് നൂതനമാർഗ്ഗങ്ങൾ സ്വീകരി-ക്കണമെന്ന നിർദ്ദേശമുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരി-ച്ചിട്ടുണ്ടെന്നും കെട്ടിട നികുതി പിരിവ് കമ്പ്യൂട്ടർവൽക്കരിക്കാൻ അടിയന്തിര നടപടി സ്വീകരി-ക്കുമോ എന്നും വ്യക്തമാക്കുമോ?

ഡി) ഗ്രാമ പഞ്ചായത്ത് ഓഫീസുകളിൽ കെട്ടിട നികുതി സ്വീകരിക്കുന്നതി-നായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സഞ്ചയ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വിന്യസിപ്പിച്ചിട്ടുണ്ട്. വെബ് അധിഷ്ഠിത സഞ്ചയ ആപ്ലിക്കേഷൻ വഴി ക്രെഡിറ്റ് കാർഡ്/ ഡെബിറ്റ് കാർഡ്/നെറ്റ് ബാങ്കിംഗ് സംവിധാനത്തിലൂടെ ഓൺലൈനായി നികുതി ഒടുക്കുമ്പോൾ ബാങ്കിൽ നിന്നും ക്രെഡിറ്റ് ആകുന്ന മുറയ്ക്ക് നികുതിദായകന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ് ആയി വിവരങ്ങൾ തൽസമയം അറിയിക്കു-ന്നതിനുള്ള 'ഇ-പേയ്മെന്റ്' സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ മഞ്ചേശ്വരം, തുമ്പമൺ, കുമ്പള എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ഇ-പേയ്മെന്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളിലെ ഡേറ്റാ ബേസ് പൂർത്തിയാകുന്ന മുറയ്ക്ക് ഈ സൗകര്യം വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ലോക ബാങ്കിന്റെ ധനസഹായത്തോടെ KLGSDP പദ്ധതിയിലൂടെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും ഓട്ടോ-മാറ്റിക് ഡിമാൻറ് ജനറേഷനും ഇ-പേയ്മെൻറ് സൗകര്യത്തിനുമായി പാസ്റ്റ് ഡേറ്റാ എൻട്രി നടത്തി വസ്തു നികുതി ഡേറ്റാബേസ് പൂർത്തിയാ-ക്കുന്ന പരിപാടിയ്ക്ക് തുടക്കം കുറിച്ചി-ട്ടുണ്ട്. സഞ്ചയ ആപ്ലിക്കേഷനിലൂടെ കേരളത്തിലെ കമ്പ്യൂട്ടർവൽക്കരിച്ച 1300 പോസ്റ്റ് ഓഫീസുകൾ വഴി വസ്തു നികുതി ഒടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഫീൽഡിൽ

നിന്നും 'ഹാൻഡ് ഹെൽഡ്
ഡിവൈസ് ' വഴി നികുതി പിരിക്കു-
ന്നതിനുള്ള സോഫ്റ്റ് വെയർ
സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. പ്ലിന്ത്
ഏരിയ അടിസ്ഥാനമാക്കി കെട്ടിട
നികുതി നിർണ്ണയിക്കുന്നതിനും
ഇ – ഫയലിംഗിലൂടെ അപേക്ഷ
സമർപ്പിക്കുന്നതിനുമുള്ള ആപ്ലിക്കേ
ഷൻ സോഫ്റ്റ്‌വെയർ പൂർത്തീകരിച്ച്
പൈലറ്റ് അടിസ്ഥാനത്തിൽ തദ്ദേശ
ഭരണസ്ഥാപനങ്ങളിൽ വിന്യസി
ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ